# കേരളസർവകലാശാല

നം.പി.ആർ.132/2022

## പത്രക്കുറിപ്പ്

### എം.ബി.എ. (ജനറൽ), എം.ബി.എ. (ടൂറിസം) – ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ.), സി.എസ്.എസ്. സ്കീമിൽ എം.ബി.എ. (ജനറൽ), എം.ബി.എ. (ടൂറിസം) കോഴ്സുകളിലേക്ക് 2022 – 23 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനായി അപേക്ഷ സ്വീകരിക്കുന്ന തീയതി ജൂൺ 20 വരെ നീട്ടിയിരുന്നു. അന്നേ ദിവസം വരെ അപേക്ഷ സമർപ്പിച്ച യോഗ്യരായ എല്ലാ പ്രവേശനാർത്ഥികളും ജൂൺ 27, 28 എന്നീ തീയതികളിലായി പുനഃക്രമീകരിച്ചിരിക്കുന്ന ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ എന്നിവയ്ക്ക് ഹാജരാകേണ്ടതാണ്. പുതുക്കിയ വിജ്ഞാപനത്തിന് സർവകലാശാലയുടെ അഡ്മിഷൻ പോർട്ടൽ (www.admission.keralauniversity.ac.in) സന്ദർശിക്കുക.

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ അഞ്ച്, ആറ് സെമസ്റ്റർ (വിദൂരവിദ്യാഭ്യാസം) ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി.കോം. സ്പെഷ്യൽ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 4 വരെ ഓഫ്ലൈനായി അപേക്ഷിക്കാം.

കേരളസർവകലാശാല 2021 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ (ബി.ഡെസ്.) ഇൻ ഫാഷൻ ഡിസൈൻ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 18 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ജൂലൈയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.പി.ഇ.എസ്. ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജനുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ പി.ജി.ഡി.ബി.എസ്. ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് (ജറിയാട്രിക്സ്) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ 2022 ജൂൺ 28 നകം സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 ജൂൺ 27 ന് നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ ബി.എഡ്. പരീക്ഷ (2019 സ്കീം – റെഗുലർ/സപ്ലിമെന്ററി) ജൂൺ 28 ലേക്ക് മാറ്റിയിരിക്കുന്നു.

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം), മെയ് 2022 പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2022 ജൂലൈ 11 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഇലക്ടീവ് IV – ട്രാഫിക് എഞ്ചിനീയറിംഗ് (സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ച്) എന്ന വിഷയം 2022 ജൂലൈ 12 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.പി.എ. (മൃദംഗം, വീണ, വയലിൻ) എന്നീ പരീക്ഷകളുടെ പ്രാക്ടിക്കൽ 2022 ജൂലൈ 5 മുതൽ തിരുവനന്തപുരം ശ്രീസ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 28, 30 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ കമ്പൈൻഡ് ബി.ടെക്. ഒന്ന്, രണ്ട് സെമസ്റ്റർ (സപ്ലിമെന്ററി 2013 സ്കീം & സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ – 2008 & 2013 സ്കീം), മെയ് 2022 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.പിഎഡ്. (ദ്വിവത്സര കോഴ്സ്) പരീക്ഷയുടെ സ്പെഷ്യൽ പരീക്ഷയ്ക്കുള്ള ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂലൈയിൽ ആരംഭിക്കുന്ന ബി.ആർക്ക്. (2008 സ്കീം) കമ്പൈൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ, മൂന്ന്, നാല്, അഞ്ച്, ആറ് സമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂലൈ 19 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ./ബി.കോം./ബി.ബി.എ.എൽ.എൽ.ബി. റെഗുലർ, സപ്ലിമെന്ററി, മേഴ്സിചാൻസ് പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എൽ.എൽ.ബി. മേഴ്സിചാൻസ് – അപേക്ഷാതീയതി നീട്ടി

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി. (മേഴ്സിചാൻസ് – 2011 സ്കീം – 2011 അഡ്മിഷൻ മുതൽ 2015 അഡ്മിഷൻ വരെ) പരീക്ഷയ്ക്ക് ഓഫ്ലൈനായി 400 രൂപ പിഴയോടുകൂടി അപേക്ഷിക്കാനുള്ള അവസാന തീയതി ജൂൺ 30 വരെ നീട്ടിയിരിക്കുന്നു.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ ഒന്നാം വർഷ ബി.കോം. & രണ്ടാം വർഷ ബി.കോം. (ആന്വൽ), പാർട്ട് ഒന്ന്, രണ്ട് (പ്രൈവറ്റ് സ്റ്റഡി) സപ്ലിമെന്ററി, ഏപ്രിൽ 2021, മൂന്നാം സെമസ്റ്റർ ബി.കോം. (എസ്.ഡി.ഇ.) & നാലാം സെമസ്റ്റർ ബി.കോം. (എസ്.ഡി.ഇ.), നവംബർ 2021 എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.VII – (ഏഴ്) ജൂൺ 25 മുതൽ 28 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
24.06.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**